LIBRARY ARCHIVES Kerala Legislative Assembly

ആറൻമുള വള്ളംകളി പമ്പാനദിയിൽ സുഗമമായി നടത്താൻ സംവിധാനം

107 [264] ശ്രീമതി മാലേത്ത് സരളാദേവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറൻമുള വള്ളംകളിയുടെ ചരിത്രത്തിൽ ആദ്യമായി മത്സര വള്ളംകളി മുടങ്ങിയ വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതേപ്പറ്റി അന്വേഷിക്കുമോ;

(സി) ആറൻമുള വള്ളംകളി പമ്പാ നദിയിൽ സുഗമമായി നടത്താൻ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്താൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല.

(ബി ആന്റ് സി) ആറൻമുള വള്ളംകളി സർക്കാർ നടത്തുന്ന ജലോത്സവ മല്ല. ഇതിന്റെ നടത്തിപ്പിന് എന്തെങ്കിലും സഹായം ആവശ്യപ്പെട്ടാൽ അക്കാര്യം പരിഗണിക്കാവുന്നതാണ്.

കഴക്കൂട്ടം-വേളി റോഡ് ടൂറിസം റോഡാക്കി മാറ്റുന്നതിന് പദ്ധതി

108 [265] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രമായ വേളിയെ നാഷണൽ ഹൈവേ ബൈപ്പാസുമായി ബന്ധിപ്പിക്കുന്ന കഴക്കൂട്ടം-വേളി റോഡ് ടൂറിസം റോഡാക്കി മാറ്റുന്നതിന് ആവശ്യമായ നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം പ്രസക്തമല്ല.